**വളരെ അടിയന്തിരം**
**വിഷയ നിർണ്ണയ സമിതി**

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ബി2/17526/12

തൈക്കാട്, തിരുവനന്തപുരം-14
തീയതി : 07.06.2012.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 2012-13 സാമ്പത്തിക വർഷത്തെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള മറുപടി നൽകുന്നതിലേയ്ക്കായി 12 സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും കണക്കിനെ സംബന്ധിച്ചുള്ള വിശദാംശം നൽകുന്നത് സംബന്ധിച്ച്.

------------

2012-13 സാമ്പത്തിക വർഷത്തെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള മറുപടി നൽകുന്നതിലേയ്ക്കായി 2011-12 സാമ്പത്തിക വർഷത്തിലെ 12 സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും കണക്കിനെ സംബന്ധിച്ച താഴെപറയുന്ന ചോദ്യങ്ങൾക്ക് അടിയന്തിരമായി ഓരോ സ്ഥാപന മേധാവികളും 24 മണിക്കൂറിനകം മറുപടി നൽകേണ്ടതാണ്.

1. താങ്കളുടെ സ്ഥാപനത്തിൽ പരിശീലനം നടത്തുന്ന ആകെ ട്രെയിനികൾ എത്ര?
2. ആകെ ട്രെയിനികളിൽ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ സ്റ്റൈപ്പന്റിന് അർഹരായ ട്രെയിനികൾ എത്ര?
3. പരിശീലനം നടത്തുന്ന ആകെ ട്രെയിനികളിൽ ജനറൽ സ്റ്റൈപ്പന്റിന് അർഹരായ ട്രെയിനികൾ എത്ര?
4. 2011-12 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിൽ നിന്നും താങ്കളുടെ സ്ഥാപനത്തിന് അനുവദിച്ച ജനറൽ സ്റ്റൈപ്പന്റ് ഇനത്തിലെ അലോട്ട്മെന്റ് എത്ര?
5. അനുവദിച്ച അലോട്ട്മെന്റിൽ 2012 മാർച്ച് മാസം വരെ ട്രെയിനികൾക്ക് വിതരണം ചെയ്ത ആകെ ജനറൽ സ്റ്റൈപ്പന്റ് തുകയെത്ര?

6. 2012 മാർച്ച് മാസം വരെയുള്ള ഏതെങ്കിലും മാസങ്ങളിൽ ജനറൽ സ്റ്റൈപ്പന്റ് വിതരണം നടത്താനുണ്ടോ
7. 2012 മാർച്ച് മാസം വരെ ഏതെങ്കിലും മാസങ്ങളിലെ ജനറൽ സ്റ്റൈപ്പന്റ് ഇനിയും വിതരണം നടത്തേണ്ടതായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുക?
8. 31.3.2012 വരെയുള്ള കുടിശ്ശിക സ്റ്റൈപ്പന്റ് നൽകുവാനായി എത്ര തുക ആവശ്യമാണ്?
9. 2012 മാർച്ച് മാസം ഈ വകുപ്പിലേക്ക് താങ്കളുടെ സ്ഥാപനത്തിൽ നിന്നും സറണ്ടർ ചെയ്ത സ്റ്റൈപ്പന്റ് ഇനത്തിലെ തുകയെത്ര?
10. മുഴുവൻ ട്രെയിനികൾക്കും ബാങ്ക് അക്കൗണ്ട് വഴി സ്റ്റൈപ്പന്റ് വിതരണം നടത്താൻ നിർദ്ദേശം നൽകിയിരുന്നു. ടി വിഷയത്തിൽ താങ്കൾ എടുത്ത നടപടി എന്ത്?
11. 2012-13 സാമ്പത്തിക വർഷത്തിലെ ഇതുവരെയുള്ള സ്റ്റൈപ്പന്റ് വിതരണം സംബന്ധിച്ച വിവരം വ്യക്തമാക്കുക?

മേൽ പരാമർശിച്ച ചോദ്യങ്ങൾക്കുള്ള മറുപടി ഈ ചുറ്ററിയിപ്പ് ലഭിച്ച് 24 മണിക്കൂറിനകം ഇ-മെയിൽ മുഖേനയോ, ഫാക്സ് മുഖേനയോ, നേരിട്ടോ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതിനാൽ വ്യക്തമാക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർ

പകർപ്പ്:-

1. എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
2. പ്രിൻസിപ്പാൾ, ബി.റ്റി.സി കൊല്ലം
3. ബന്ധപ്പെട്ട ട്രെയിനിംഗ് ഇൻസ്പെക്ടർമാർ - പ്രിൻസിപ്പാൾമാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് സമയത്തിനുള്ളിൽ ഡയറക്ടറേറ്റിൽ എത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം

എം.ആർ. 7/6